**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1091.** **25.01.2018 ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട എക്സൈസ് / ലഹരി മരുന്ന് കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനൂപ് ജേക്കബ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | 2016, 2017 വർഷങ്ങളിൽ എത്ര എക്സൈസ് കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ ലഹരി മരുന്ന് കേസുകൾ എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | 2016 വർഷത്തിൽ 23,876 അബ്കാരി കേസ്സുകളും, 2,985 എൻ.ഡി.പി.എസ് കേസുകളും, 2017 വർഷത്തിൽ 21,372 അബ്കാരി കേസ്സുകളും, 5,946 എൻ.ഡി.പി.എസ് കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ ഏറ്റവും കൂടുതൽ കേസുകൾ ഏതു നഗരത്തിലാണെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളിൽ ഏറ്റവും കൂടുതൽ കേസ്സുകൾ തൃശ്ശൂർ നഗരത്തിലാണ്. വിശദാംശം ചുവടെ പറയും പ്രകാരമാണ്.<br>2016 വർഷത്തിൽ 2,166 അബ്കാരി കേസ്സുകളും, 275 എൻ.ഡി.പി.എസ് കേസുകളും, 2017 വർഷത്തിൽ 1,687 അബ്കാരി കേസ്സുകളും, 676 എൻ.ഡി.പി.എസ് കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ലഹരി മരുന്ന് കടത്ത് തടയാൻ കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദ വിവരം ലഭ്യമാക്കുമോ? | (സി) | എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കി കൂടുതൽ ഫീൽഡ് ഓഫീസുകൾ അനുവദിച്ചും വാഹനങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഓഫീസുകൾ ആധുനികവത്ക്കരിക്കുന്നതിനും അംഗബലം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപ |

| | | | |
|---|---|---|---|
| | | | നവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തി വരുന്നതും വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു.<br>കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നതും എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നതും ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തി വരുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**